I/90226/2023

# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ്: ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ പൊതുസ്ഥലം മാറ്റം 2023 - ഡോ. അമൃത കുമാരൻ, അസിസ്റ്റൻറ് സർജൻ- പുനർനിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇഎ2- 2422/2023/ആ.വ.ഡ തീയതി 31.05.2023

2. സഉ (സാധാ) നം. 2546/2023/ആ.കു.വ തീയതി 03.10.2023

**ഉത്തരവ് നമ്പർ ഇഎ2- 2422/2023/ആ.വ.ഡ, തീയതി: 04-10-2023**

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലം മാറ്റത്തിൽ എറണാകുളം മുനമ്പം കുടുംബാരോഗ്യകേന്ദ്രത്തിലെ അസിസ്റ്റൻറ് സർജനായ ഡോ. അമൃത കുമാരന് (പെൻ. 839546) പരാമർശ (1) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടി ഡോക്ടർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ(ഇ.കെ.എം) 921/2023 ലെ 19.06.2023 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടു പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ഡോ. അമൃത കുമാരന് എറണാകുളം ജനറൽ ആശുപത്രിയിൽ നിലവിലുള്ള അസിസ്റ്റൻറ് സർജൻ തസ്തികയിലേക്ക് പുനർനിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഡോ. അമൃത കുമാരൻ അടിയന്തിരമായി എറണാകുളം ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ജോയിനിംഗ് തീയതി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറും, സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

മേൽ പരാമർശിത (1) ഉത്തരവ് ഈ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

Signed by
Dr Reena K J
Date: 04-10-2023 21:57:22

ആരോഗ്യവകുപ്പ് ഡയറക്ടർ

I/90226/2023

സ്വീകർത്താവ്: ഡോ. അമൃത കുമാരൻ, അസിസ്റ്റൻറ് സർജൻ, കുടുംബാരോഗ്യകേന്ദ്രം മുനമ്പം, എറണാകുളം

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ കേരള (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), എറണാകുളം/ മലപ്പുറം
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ/ സ്റ്റോക്ക് ഫയൽ